**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്യുന്ന ശ്രീ. വിജയകുമാർ. എസ് (PEN: 606408) -ന് പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നം.1131 /2026/ തസ്വഭവ, തിരുവനന്തപുരം, തീയതി: 17/ 06/ 2026

---

പരാമർശം : 1) സ. ഉ.(അച്ചടി)നം. 100/ 2024/ ധന തീയതി 22/ 11/ 2024 (ഖണ്ഡിക-iii)

2) ശ്രീ. വിജയകുമാർ. എസ് സമർപ്പിച്ച 02/ 06/ 2026- ലെ അപേക്ഷ.

3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/ 06/ 2026- ലെ LSGD/ PD/ 7899/ 2026 -DEG2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. വിജയകുമാർ.എസ് (PEN: 606408)- (ജനനതീയതി 18/ 05/ 1978) ന്റെ ഭാര്യ ശ്രീമതി. ദീപ. എസ്-ന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ [Aplastic Anemia] [Cyclosporine, Eltrombopag and Anti Thymocyte Globulin (ATG)]- യുള്ള ചികിത്സയ്ക്കായി, 13,50,000/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം ) പലിശരഹിത വായ്പയായി അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ

ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. വിജയകുമാർ. എസ് **(PEN: 606408)** -ന്റെ ഭാര്യ ശ്രീമതി.ദീപ.എസ്-ന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ [Aplastic Anemia] [Cyclosporine, Eltrombopag and Anti Thymocyte Globulin (ATG)] ചികിത്സക്കായി, 13,50,000/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശരഹിത മെഡിക്കൽ വായ്പ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610- 00- 800- 95 (02)" എന്ന ശീർഷകത്തിൽ (2026- 27 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്.

3) ഇപ്രകാരം അനുവദിച്ച 13,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ. വിജയകുമാർ.എസ്, സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ് മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കാവുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 9 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത

കേസുകളിൽ മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും, അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ എന്നും കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതുമാണ്.

4. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത സാഹചര്യത്തിലും മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് സമർപ്പിക്കേണ്ട കാലയളവിനു ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ

നിന്നും ഈടാക്കുന്നതുമാണ്. വായ്പ ക്രമീകരിക്കുന്നതിനായി വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകളും അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കേറ്റും മാത്രം ലഭ്യമാക്കേണ്ടതും കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ .വി**

**ജോയിന്റ് സെക്രട്ടറി**

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ശ്രീ.വിജയകുമാർ. എസ്, ഓഫീസ് അറ്റൻഡന്റ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
5) സബ് ട്രഷറി ഓഫീസർ, സബ്ട്രഷറി, തിരുവനന്തപുരം
6) ധനകാര്യവകുപ്പ് (17/06/2026-ലെ ലെ No.3531385/Loans-L3/48/2026/Fin അനൗദ്യോഗിക ക്കുറിപ്പ് പ്രകാരം)
7) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്(10/06/2026-ലെ HEALTH-G2/366/2026/HEALTH നമ്പർ കുറിപ്പ് പ്രകാരം)
8) വെബ്&ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ